**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4220** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർത്ഥികളുടെ കായികാരോഗ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ കായികാരോഗ്യത്തിനു വേണ്ടി സ്കൂളുകളിൽ സ്പോർട്ട്സ് ഗെയിംസ് നടത്തുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് മാത്രമായി സ്പോട്സ് ഗെയിംസ് നടത്തുന്നില്ല. എന്നാൽ നിലവിൽ നടത്തപ്പെടുന്ന സ്പോർട്സ് ഗെയിംസിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് അനുയോജ്യമായവയിൽ പങ്കെടുക്കാവുന്നതാണ്. |
| (ബി) | ഇല്ലായെങ്കിൽ അത്തരം സ്പോർട്ട്സ് ഗെയിംസ് നടത്തുന്നതിനെ കുറിച്ച് ആലോചിക്കുമോ; | (ബി) | പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന സ്പോർട്സ് ഗെയിംസിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ മാന്വൽ പരിഷ്കരിച്ച് ഭിന്നശേഷികുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലേക്ക് മാറ്റേണ്ടതുണ്ട്. എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ വിവിധ കാറ്റഗറികളിൽപ്പെടുന്ന ഭിന്നശേഷി കുട്ടികൾക്ക് പൂർണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്പോർട്സ് ഗെയിംസിൽ പുതിയ ഇനങ്ങൾ രൂപകല്പന ചെയ്യുകയും അവ നടപ്പിലാക്കുന്നതിനുവേണ്ട മാർഗരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത വിദ്യാർത്ഥികളുടെ കായികാരോഗ്യത്തിനുവേണ്ടി നിലവിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ? | (സി) | പൊതുവിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട കായിക അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നിവരുടെ പിന്തുണയോടെ സ്കൂൾതലത്തിലും ബി.ആർ.സി. തലത്തിലും ഭിന്നശേഷികുട്ടികൾക്കായി കായിക പരിശീലനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ